**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 872** **02-02-2026 - ൽ മറുപടിയ്ക്ക്**

**ഹരിപ്പാട് മണ്ഡലത്തിലെ അംബേദ്കർ ഗ്രാമം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ രമേശ് ചെന്നിത്തല | | ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി ഹരിപ്പാട് മണ്ഡലത്തിലെ വിവിധ ഉന്നതികളിൽ നടപ്പിലാക്കി വരുന്ന വികസന പ്രവൃത്തികളുടെ പുരോഗതി അറിയിക്കാമോ; | (എ) | ചേപ്പാട് പഞ്ചായത്തിലെ ചാമ്പക്കണ്ടം നഗറിൽ (2021-22) റോഡു നിർമ്മാണം, വീടുകളുടെ സംരക്ഷണ ഭിത്തി, വീടുകളുടെ പരിസരം മണ്ണിട്ടുയർത്തൽ എന്നീ പ്രവൃത്തികൾ ഉൾപ്പെടുത്തിയതിൽ വീടുകളുടെ സംരക്ഷണ ഭിത്തി നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. ചെറുതല പഞ്ചായത്തിലെ മാടശ്ശേരി ക്ലസ്റ്റർ (2023-24) നഗറിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഇതേ പഞ്ചായത്തിൽ തന്നെ കാഞ്ഞിരംതുരുത്ത് (2024-25) നഗറിന്റെ പുതിയ നിർവ്വഹണ ഏജൻസിയായി Kerala Electrical & Allied Engineering Co.Ltd-നെ തെരഞ്ഞെടുത്തിട്ടുണ്ട്. എസ്റ്റിമേറ്റ് അടിയന്തിരമായി സമർപ്പിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | അംബേദ്കർ ഗ്രാമം പദ്ധതികളുടെ നിർവ്വഹണ പുരോഗതി നിശ്ചിത ഇടവേളകളിൽ സംസ്ഥാന,ജില്ലാ തലങ്ങളിൽ വിലയിരുത്തുന്നതിന് എന്തെങ്കിലും ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശം അറിയിക്കാമോ; ഇല്ലെങ്കിൽ ഇതിനായുള്ള നടപടികൾ സ്വീകരിക്കുമോ; | (ബി) | ഉണ്ട്. സംസ്ഥാനതലത്തിലും ജില്ലാ തലത്തിലും ഗ്രാമതലത്തിലും നിർവ്വഹണ പുരോഗതി വിലയിരുത്തേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുള്ളതും അപ്രകാരം കൃത്യമായി അവലോകന യോഗങ്ങൾ കൂടുകയും നിർവ്വഹണ പുരോഗതി വിലയിരുത്തുകയും ചെയ്ത് വരുന്നുണ്ട്. |
| (സി) | അംബേദ്കർ ഗ്രാമം പദ്ധതി പ്രകാരം ഉന്നതികളിൽ നിലവിൽ അനുവദിക്കുന്ന തുക വർദ്ധിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ടോ? | (സി) | പ്രസ്തുത വിഷയം നിലവിൽ സർക്കാരിന്റെ പരിഗണനയിൽ ഇല്ല. |

സെക്ഷൻ ഓഫീസർ